Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യൂ എ/HO/RMC/R3/134/2022

തീയതി: 25.04.2022

**<u>സർക്കുലർ</u>**

വിഷയം:- കെട്ടിട പുന:നിർമാണവുമായി ബന്ധപ്പെട്ട വാട്ടർ കണക്ഷൻറെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതു സംബന്ധിച്ച്.

സൂചന :- 16/ 02/ 2022 ൽ ബഹു.MD യുടെ അധ്യക്ഷതയിൽ നടന്ന റവന്യൂ മീറ്റിങ്ങിലെ തീരുമാനം

സൂചന പ്രകാരം നടന്ന റവന്യൂ മീറ്റിങ്ങിൽ നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചു മാറ്റുമ്പോൾ ഉപഭോക്താവ് ആവശ്യപ്പെടുന്ന പക്ഷം ആ കണക്ഷൻ കാഷ്വൽ വിഭാഗത്തിലേക്ക് പ്ലംബർമാരുടെ സഹായമില്ലാതെ തന്നെ ഓഫീസ് തലത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചു കാറ്റഗറി മാറ്റം വരുത്താവുന്നതാണെന്ന് തീരുമാനിച്ചു.

നിലവിൽ പൈപ്പ് ലൈനും, പ്രവർത്തന ക്ഷമമായ മീറ്ററും ഉണ്ടെങ്കിലും പ്ലംബർ മുഖേന പഴയ കണക്ഷൻ വിച്ഛേദിക്കുന്നതിനും, കാഷ്വൽ കണക്ഷൻ എടുക്കുന്നതിനും, പുതിയ കെട്ടിടത്തിലേക്ക് ഗാർഹിക/ഗാർഹികേതര കണക്ഷൻ എടുക്കുന്നതിനും ഉപഭോക്താക്കൾക്ക് സാമ്പത്തിക ബാദ്ധ്യതയും, സമയ നഷ്ടവും ഉണ്ടാകുന്നു. മാത്രമല്ല പ്രവർത്തന ക്ഷമമായ മീറ്റർ ഉപയോഗരഹിതമാകുകയും പുതിയ മീറ്റർ വെക്കേണ്ടി വരികയും ചെയ്യുന്നു.

ഇക്കാര്യത്തിൽ ഓഫീസ് നടപടിക്രമങ്ങൾ കൂടുതൽ ആയതിനാൽ ജീവനക്കാരുടെ ജോലിഭാരം അധികമാകുന്നു. ആയതിനാൽ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി ഉപഭോക്താക്കൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ ഇക്കാര്യത്തിലുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുവാൻ ഇതിനാൽ ഉത്തരവാകുന്നു.

1) കെട്ടിടം പൂർണമായി പൊളിച്ച് കളയുകയും അവർക്ക് സ്പെഷ്യൽ/കാഷ്വൽ കണക്ഷൻ വേണമെന്ന് ആവശ്യപ്പെടുകയും ചെയ്താൽ ഓഫീസ് തലത്തിൽ നിലവിലുള്ള കണക്ഷൻ കാഷ്വൽ കണക്ഷനായി മാറ്റി നൽകാവുന്നതാണ്. അന്നേ ദിവസം വരെയുള്ള റീഡിങ് (Final reading) നിലവിലെ Con. No. ൽ രേഖപ്പെടുത്തുകയും ആയതു സ്പെഷ്യൽ ക്യാറ്റഗറിയിൽ Initial Reading ആയി രേഖപ്പെടുത്തുകയും വേണം. എന്നാൽ പ്രവർത്തനക്ഷമമല്ലാത്ത (ഫോൾട്ടി) മീറ്റർ ആണെങ്കിൽ പുതിയ മീറ്റർ സ്ഥാപിക്കേണ്ടതുമാണ്.

Draft #3 of File KWA/HO/RMC/R3/134/2022 Approved by Managing Director on 25-Apr-2022 10:28 AM - Page 1

2) നിയമാനുസൃതമായ കാഷ്വൽ കണക്ഷൻ ഡെപ്പോസിറ്റ് വാങ്ങേണ്ടതാണ്.

3) കെട്ടിടം പണി പൂർത്തിയായതിന് ശേഷം ഉപഭോക്താവ് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് (കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉൾപ്പടെ) ഇ -അബാക്കസിൽ പുതിയ കെട്ടിട നമ്പർ രേഖപ്പെടുത്തി കാഷ്വൽ കണക്ഷനിൽ നിന്നും ഓഫീസ് തലത്തിൽ പഴയ ഉപഭോകൃത നമ്പറിൽ തന്നെ കണക്ഷൻ ഗാർഹിക/ഗാർഹികേതര വിഭാഗത്തിലേക്ക് തിരികെ മാറ്റി നൽകേണ്ടതാണ്. പുതിയ നമ്പർ കൊടുക്കാതെ ഇപ്രകാരം ചെയ്യുമ്പോൾ നോൺ-ലൈവ് കണക്ഷൻ ഒഴിവാക്കാനാവും.

3) ഒരു കൺസ്യൂമർ നമ്പറിൽ തന്നെ കാഷ്വൽ കണക്ഷനിലേക്കും തിരിച്ചും മാറ്റാനുള്ള ഓപ്ഷൻ ഇ-അബാക്കസിൽ കൊണ്ട് വരുന്നതിനുള്ള നടപടികൾ Secretary അടിയന്തിരമായി ചെയ്യേണ്ടതാണ്.

4) ലെഡ്ജർ പരിശോധിച്ച് വാട്ടർ ചാർജ് കുടിശ്ശിക ഒന്നും തന്നെ ഇല്ലായെന്ന് ബോധ്യപ്പെട്ടതിനു ശേഷം ഡെപ്പോസിറ്റ് തുക എത്രയും വേഗം തിരികെ നൽകേണ്ടതാണ്,

5) നിലവിൽ സ്വീകരിക്കുന്ന മറ്റു എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്.

**വെങ്കടേസപതി എസ്., ഐ .എ .എസ്.**

മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

ALL CHIEF ENGINEERS
SOUTH/CENTRAL/NORTH

പകർപ്പ്:-

ALL SE s/ALL EEs/All AEEs
PA TO MD/PA TO AM/PA TO TM
CA to FM&CAO/PIO/SF
DBA for further necessary action.

മാനേജിംഗ് ഡയറക്ടർ

Draft #3 of File KWA/HO/RMC/R3/134/2022 Approved by Managing Director on 25-Apr-2022 10:28 AM - Page 2

The document is digitally approved. Hence signature is not needed.